**മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ 09-11-2022 ഉച്ചക്ക് 02 .30-ന് വീഡിയോ കോൺഫറൻസ് വഴി കൂടിയ റവന്യൂ അവലോകന യോഗ മിനിറ്റ്സ്**

യോഗത്തിലേയ്ക്ക് എല്ലാവരെയും മാനേജിങ് ഡയറക്ടർ സ്വാഗതം ചെയ്തു.

ചുവടെ പറയുന്ന 16 കാര്യങ്ങളിൽ എല്ലാ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഉണ്ടാകണമെന്നും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമെന്നും മാനേജിങ് ഡയറക്ടർ നിർദ്ദേശിച്ചു.

1. ഓൺലൈൻ വഴിയുള്ള കളക്ഷൻ ശതമാനം കൗണ്ടർ വഴിയുള്ള കളക്ഷനെക്കാൾ കുറവാണെന്നും ഇതിന്റെ കാരണം എന്താണെന്നും പരിശോധിക്കണം.
2. ഡി.സി.ബി- യിൽ ഉള്ള കൺസ്യൂമേഴ്സിന്റെ എണ്ണവും വെബ്സൈറ്റ് ഡാഷ്ബോർഡിലുള്ള കൺസ്യൂമേഴ്സിന്റെ എണ്ണവും തമ്മിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. ആയതിനു കാരണം എന്ത് എന്ന് പരിശോധിക്കണം
3. വാർഷിക അക്കൗണ്ട്സ് 2021-2022 ഏപ്രിൽ മാസത്തിൽ പ്രൊവിഷണൽ അപ്ഡേറ്റ് ചെയ്തു എങ്കിലും നാളിതുവരെയായി AGക്ക് സമർപ്പിച്ചിട്ടില്ല. താഴെയുള്ള ഓഫീസുകളിൽ നിന്നും സമയബന്ധിതമായി കറക്ഷനുകൾ ചെയ്തു ലഭിക്കേണ്ടത് ഉണ്ട്. ആയതു ഉടൻ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ആയതു ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കും എന്ന് മാനേജിങ് ഡയറക്ടർ അറിയിച്ചു.
4. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ആദ്യത്തെ മൂന്ന് മാസം കളക്ഷൻ കൂടിവന്നശേഷം ഇപ്പോൾ കുറവ് വന്നതായി കാണുന്നു. ആംനെസ്റ്റി സ്കീം വന്നശേഷവും കളക്ഷൻ കുറവ് വന്നതിൻറെ കാരണം വ്യക്തമാക്കണം.
5. റവന്യൂ ടാർജറ്റും അച്ചീവ്മെൻറ്സും. ഒക്ടോബർ മാസത്തെ ഡാറ്റ വെബ്സൈറ്റിൽ അപ് ഡേറ്റ് ചെയ്തിട്ടില്ല.
6. ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് പാരഗ്രാഫുകൾക്ക് മറുപടി കൊടുക്കാനുണ്ട്. 1302-ൽ 1278 പാരഗ്രാഫുകൾക്ക് മറുപടി നൽകിയിട്ടില്ല. എല്ലാ യൂണിറ്റുകളും ഉടൻതന്നെ പെന്റിങ് പാരഗ്രാഫിന് മറുപടി നൽകേണ്ടതാണ്.
7. മീറ്റർ റീഡേഴ്സ് റീഡിങ് സ്റ്റാറ്റസ് അപ്ഡേഷൻ ചെയ്തതായി കാണുന്നില്ല.
8. കുടിശ്ശിക സംബന്ധിച്ച ലിസ്റ്റ്, കൌണ്ടർ ക്യാഷ് കളക്ഷൻ ലിസ്റ്റ്, ബി പി എൽ ഡാറ്റാ ലിസ്റ്റ് എന്നിവ വെബ്സൈറ്റിൽ അപ് ഡേറ്റ് ചെയ്തിട്ടില്ല.
9. മൊബൈൽ നമ്പർ അപ്ഡേഷൻ.
10. ആർ ആർ നടപടികൾ.
11. ഡിസ്കണക്ഷൻ സ്റ്റാറ്റസ്.
12. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച ഡാറ്റാ അപ് ഡേഷൻ.
13. ജൽ ജീവൻ മിഷൻ കണക്ഷൻ റൂട്ടിലാക്കുന്നത് സംബന്ധിച്ച അപ്ഡേഷൻ.
14. ഡിവിഷനിലെ മീറ്റർ റീഡിങ് അപ്ഡേഷൻ സ്റ്റാറ്റസ്.
15. ആംനസ്റ്റി സ്കീം പുരോഗതി.
16. കോമ്പ്രിഹെൻസീവ് ഇൻഡക്സിങ്ങിൽ പുറകിലായ ഡിവിഷനുകളുടെ കാരണം പരിശോധിക്കേണ്ടതാണ്.

മേല്പറഞ്ഞ 16 വിഷയങ്ങൾ അതോറിറ്റിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതാണെന്ന് മാനേജിങ് ഡയറക്ടർ പ്രതിപാദിച്ചു. റീജിയണുകളിലെ 3 ഡെപ്യൂട്ടിഅക്കൗണ്ട്സ് മാനേജർമാർക്ക് 5 വിഷയങ്ങൾ വീതം ഡാറ്റ അപ്ഡേഷൻ ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്വം നൽകി അവ നടപ്പിലാക്കുന്നുണ്ടോ എന്ന്

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 1

പരിശോധിക്കേണ്ടതാണ്. ആദ്യ 5 വിഷയങ്ങളുടെ ഡാറ്റ അപ്ഡേഷൻ ഉത്തരവാദിത്വം ദക്ഷിണ മേഖല ഡെപ്യൂട്ടിഅക്കൗണ്ട്സ് മാനേജർക്കും, 6 മുതൽ 10 വരെയുള്ള വിഷയങ്ങളുടെ ഡാറ്റ അപ്ഡേഷൻ ഉത്തരവാദിത്വം മധ്യ മേഖല ഡെപ്യൂട്ടിഅക്കൗണ്ട്സ് മാനേജർക്കും 11 മുതൽ 16 വരെയുള്ള വിഷയങ്ങളുടെ ഡാറ്റ അപ്ഡേഷൻ ഉത്തരവാദിത്വം ഉത്തര മേഖല ഡെപ്യൂട്ടിഅക്കൗണ്ട്സ് മാനേജർക്കും ആയിരിക്കും. ഇന്നത്തെ മീറ്റിങ്ങിൽ മേൽ പറഞ്ഞ വിഷയങ്ങൾ പൂർണമായും ചർച്ച ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കണമെന്ന് എന്ന് മാനേജിങ് ഡയറക്ടർ നിർദ്ദേശിച്ചു. തുടർന്ന് ഓരോ വിഷയങ്ങളും ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അവതരിപ്പിച്ചു.

1.ഓൺലൈൻ പേയ്മെന്റ് ശതമാനം കുറവായതിനുള്ള കാരണം 29 റവന്യൂ ഓഫീസർമാരും വിശദീകരിച്ചു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- തീരദേശങ്ങളിലും മറ്റു മലയോര പ്രദേശങ്ങളിലും ഉള്ള ഉപഭോക്താക്കൾ ഓൺലൈൻ മുഖേന വാട്ടർ ചാർജ് അടക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നു. ഇത് മറികടക്കുവാൻ മീറ്റർ റീഡർമാർ വഴി ഓൺലൈൻ പേയ്മെന്റ് വ്യാപകമാക്കുന്നതിന് ബോധവത്കരണം നടത്തുന്നതാണ്.
- ഓൺലൈൻ മുഖേന വാട്ടർ ചാർജ് അടക്കുന്നത് സംബന്ധിച്ചുള്ള പരസ്യങ്ങൾ പത്ര- ദൃശ്യ -ശ്രാവ്യ- നവ മാധ്യമങ്ങൾ വഴി നിരന്തരം നൽകുന്നതാണ്.
- ഓൺലൈൻ പേയ്മെന്റ് വ്യാപകമാക്കുന്നതിന് ജീവനക്കാർക്ക് ബോധവത്കരണം നൽകുന്നതിന് വേണ്ടി മീറ്റർ റീഡർ തലം വരെയുള്ള എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി സെക്ഷൻ/ സബ് ഡിവിഷൻ തലത്തിൽ മീറ്റിങ്ങുകൾ സംഘടിപ്പിക്കുന്നതാണ്.
- എല്ലാ കളക്ഷൻ സെന്ററുകളിലും ഓൺലൈൻ മുഖേന വാട്ടർ ചാർജ് അടക്കുന്നത് സംബന്ധിച്ച ബോർഡുകൾ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കുന്നതാണ്.
- നെറ്റ് കണക്ഷന്റെ അപര്യാപ്തത മൂലം പല ഉൾപ്രദേശങ്ങളിലും ഓൺലൈൻ മുഖേന വാട്ടർ ചാർജ് അടക്കുന്നതിന് തടസം നേരിടുന്നു.
- മൊബൈൽ ഫോൺ മുഖേന വാട്ടർ ചാർജ് അടക്കുന്നതിന് സൗകര്യം ഇല്ലാത്ത ഗാർഹിക ഉപഭോക്താക്കൾ വാട്ടർ ചാർജ് അടക്കുന്നതിന് അക്ഷയ സെന്ററുകളെ സമീപിക്കുമ്പോൾ, പ്രതിമാസ വാട്ടർ ചാർജിന്റെ തുക തന്നെ സർവീസ് ചാർജ് ആയി (മിനിമം 20 രൂപ മുതൽ 40 രൂപ വരെ) ഈടാക്കുന്നത് മൂലം ഭൂരിഭാഗം ഗാർഹിക ഉപഭോക്താക്കളും വാട്ടർ ചാർജ് അടക്കുന്നതിന് അതോറിറ്റിയുടെ കൗണ്ടറുകൾ ഉപയോഗിക്കുന്നു.
- എന്നിരുന്നാലും ഓൺലൈൻ പേയ്മെന്റ് 100 ശതമാനം ആക്കുന്നതിനുള്ള തീവ്ര ശ്രമം നടത്തുന്നതാണെന്നു റവന്യൂ ഓഫീസർമാർ ഉറപ്പ് നൽകി. (Action - All ROs, Monitored by: Circle level AOs )

2. ഇ -അബാക്കസിൽ നിന്നും ലൈവ് ആയി വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്ന കണക്ഷനുകളുടെ എണ്ണവും ഡി.സി.ബി-യിലെ കണക്ഷനുകളുടെ എണ്ണവും വ്യത്യാസം ഉണ്ടാകുന്നതിന് കാരണം ഡി.സി.ബി കണക്ഷനുകളുടെ എണ്ണത്തിന്റെ റിപ്പോർട്ട് (സ്റ്റാറ്റിക് ഡാറ്റ) എടുത്തു കുറച്ചു സമയം കഴിയുമ്പോൾ വേറെ കണക്ഷൻ വന്നിട്ടുണ്ടാകാം (ലൈവ് ഡാറ്റ) എന്ന് ഡി.ബി.എ അറിയിച്ചു. അത് മാത്രമല്ല വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതു ലൈവ് കണക്ഷനുകളുടെ എണ്ണവും ഡി.സി.ബി-യിൽ കാണിക്കുന്നത് വിച്ഛേദിക്കപ്പെട്ട കണക്ഷനുകളുടെ എണ്ണവും കൂടി ചേർന്ന കണക്കാണ്. ഏതു റിപ്പോർട്ട് പബ്ലിഷ് ചെയ്യണമെന്നും ഡിസിബി-യിൽ ഏതു കണക്ഷൻറെ എണ്ണമൊക്കെ കാണിക്കണമെന്നും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ശ്രീ.അഷ്റഫ്, അക്കൗണ്ട്സ് ഓഫീസർ കോഴിക്കോടിനെ

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 2

ചുമതലപ്പെടുത്തി. (Action -Sri.Ashraf,AO, KKD)

3. വാർഷിക കണക്കുകൾ പരിശോധിക്കുമ്പോൾ ഇ-അബാക്കസ് ഡി.സി.ബി-യും ഡിവിഷനുകൾ അക്കൗണ്ട്സ്സിൽ കാണിക്കുന്ന ഡി.സി.ബി-യും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നും ഇതു പൊരുത്തപ്പെടാനുള്ള നടപടികൾ ഉടനെ എടുക്കണമെന്നും എന്നും ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു. അപ് ഡേറ്റ് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഓരോരുത്തർക്ക് ചാർജ് കൊടുക്കണം എന്ന് മാനേജിങ് ഡയറക്ടർ നിർദ്ദേശിച്ചു. 2018 - 2019 & 2021-2022 ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ ശ്രീമതി സൗമ്യ V യെയും, 2019-2020 ലെ അപ് ഡേഷന് അക്കൗണ്ട്സ് ഓഫീസർ ശങ്കറിനെയും, 2020-2021ലെ അപ് ഡേഷന് ശ്രീമതി ബിന്ദു DAO യെയും ചുമതലപെടുത്തി . കാസർകോട് ഡിവിഷനിലെ ജൂനിയർസൂപ്രണ്ട് ക്യാഷ്ബുക്ക് എഴുതാത്തതിന് വിശദീകരണം തേടണമെന്നു കാസർകോട് ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറിന് നിർദ്ദേശം നൽകി.(Action- Smt.Soumya,V Dy AM, Sri.Sankar, AO (A/Cs), Smt.Bindhu, DAO,A/Cs)

4. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ആദ്യത്തെ മൂന്നു മാസം കളക്ഷൻ കൂടിവന്നശേഷം പിനീട്ടുള്ള മാസങ്ങളിൽ കുറവ് വന്നതായി കാണുന്നു. 01/04/2022 മുതൽ ഉള്ള കളക്ഷൻ ഡീറ്റെയിൽസ് ചുവടെ ചേർക്കുന്നു

| മാസം | കോടി രൂപ |
|---|---:|
| 04/2022 | 42.59 |
| 05/2022 | 51.34 |
| 06/2022 | 59.17 |
| 07/2022 | 58.57 |
| 08/2022 | 49.85 |
| 09/2022 | 63.61 |
| 10/2022 | 63.28 |

04/2022 മുതൽ ഉള്ള കളക്ഷൻ ഡീറ്റെയിൽസ് പരിശോധിക്കുമ്പോൾ 04/2022 മുതൽ 06/2022 വരെ കളക്ഷനിൽ പുരോഗതി ഉണ്ടാകുകയും 07/2022, 08/2022 എന്നീ മാസങ്ങളിൽ കളക്ഷനിൽ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ കളക്ഷനിൽ പുരോഗതി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 07/2022, 08/2022 എന്നീ മാസങ്ങളിൽ കളക്ഷനിൽ കുറവ് വന്നത് പരിശോധിച്ച് ഇത്തരം കുറവ് മേലിൽ വരാതിരിക്കാനുള്ള നടപടിക്കൾ സ്വീകരിക്കേണ്ടതാണ്. (Action - All ROs, Monitored by: Sri.Aravind,SS, RMC))

5. ഒക്ടോബർ മാസത്തെ ഡി.സി.ബി ജനറേഷൻ പൂർത്തിയാകാത്തത് കാരണമാണ് റവന്യൂ ടാർജറ്റും അച്ചീവ്മെൻറ് വെബ്സൈറ്റിൽ അപ് ഡേറ്റ് ചെയ്യാത്തത്. ഡി.സി.ബി കൺസോളിഡേഷൻ പൂർത്തിയാകുന്ന ഉടനെ ഇത് അപ് ഡേറ്റ് ചെയ്യുന്നതാണ് എന്ന് അക്കൗണ്ട്സ് ഓഫീസർ ആർ.എം.സി അറിയിച്ചു. റവന്യൂ ടാർജറ്റും അച്ചീവ്മെന്റും ഡിവിഷൻ തലത്തിൽ അവലോകനം ചെയ്ത് കളക്ഷൻ വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 9/2022-ലെ ഡി.സി.ബി പരിശോദിക്കുമ്പോൾ 7 ഡിവിഷനുകൾ സ്റ്റേറ്റ് ആവറേജിനെക്കാൾ (36.30%) കുറവാണ്.

| ഡിവിഷനുകൾ | ശതമാനം | റവന്യൂ ഓഫീസർമാരുടെ വിശദീകരണം |
|---|---|---|
| | | ആംനസ്റ്റി പദ്ധതി മുഖേന പരാതികൾ |

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 3

| | | |
|---|---|---|
| ആലപ്പുഴ | 33.47 | തീർപ്പാക്കുമ്പോൾ 10 മുതൽ 14 കോടി വരെ കുടിശ്ശിക തുകയിൽ കുറയും. |
| ആറ്റിങ്ങൽ | 30.11 | ആംനസ്റ്റി പദ്ധതി മുഖേന പരാതികൾ തീർപ്പാക്കുമ്പോൾ കുടിശ്ശിക തുക ഗണ്യമായി കുറയും |
| കൊല്ലം | 27.58 | ജലനിധിയുടെ 7 കോടി രൂപ ഇരട്ടിപ്പ് വന്നത് കുറവ് വരുത്തിയിട്ടുണ്ട്. 14000ത്തിൽ പരം ആംനസ്റ്റി പരാതികൾ പരിഹരിക്കുമ്പോൾ കുടിശ്ശിക തുക ഗണ്യമായി കുറയും |
| തൊടുപുഴ | 20.28 | ഫോറെസ്റ് ഡിപ്പാർട് മെൻറ്റിൽ നിന്നും 9 കോടി രൂപയിൽ പരം കുടിശ്ശികയായി കിട്ടാനുണ്ട്. ആംനസ്റ്റി പദ്ധതിയിൽ പ്രസ്തുത കണക്ഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് അവ തീർപ്പാക്കുമ്പോൾ കുടിശ്ശിക തുക കുറയും |
| നെയ്യാറ്റിൻകര | 19.82 | കുടിശ്ശിക തുകയിൽ കൂടുതലും ഗവണ്മെന്റ് കണക്ഷനുകളാണ്. ഭൂരി ഭാഗം ഗവണ്മെന്റ് വകുപ്പുകളും ആംനസ്റ്റി പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. പരാതികൾ തീർപ്പാക്കുമ്പോൾ കുടിശ്ശിക തുക കുറയും |
| തൃശ്ശൂർ | 18.51 | കുടിശ്ശിക തുകയിൽ 29 കോടി രൂപ തൃശ്ശൂർ കോർപറേഷൻ നല്കാനുള്ളതാണ് . കുടിശ്ശിക അടക്കാത്തതിനു ഡിസ്കണക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.എന്നാൽ ബഹു: ജലവകുപ്പ മന്ത്രിയുടെ ഉത്തരവനുസരിച്ചുപരാതി പരിഹരിക്കുന്നത് വരെ തൽ സ്ഥിതി തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട് ആംനസ്റ്റി പദ്ധതി മുഖേന പരാതികൾ തീർപ്പാക്കുമ്പോൾ കുടിശ്ശിക തുക കുറയും |
| തിരുവനന്തപുരം നോർത്ത് | 11.53 | കുടിശ്ശിക തുകയിൽ കൂടുതലും ഗവണ്മെന്റ് കണക്ഷനുകളുടേതാണ്.എല്ലാ ഗവ.വകുപ്പുകൾക്കും കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച വകുപ്പ് മേധാവികൾക്ക് കത്തുകൾ നൽകിയിട്ടുണ്ട്. ഭൂരിഭാഗം ഗവണ്മെന്റ് വകുപ്പുകളും ആംനസ്റ്റി പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. പരാതികൾ തീർപ്പാക്കുമ്പോൾ കുടിശ്ശിക തുക കുറയും. 100 കോടിയിൽ അധികം രൂപയുടെ അൺ ഐഡന്റിഫൈഡ് കണക്ഷനുകൾ ആംനസ്റ്റി പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. |

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 4

റവന്യൂ കളക്ഷനിൽ ചില ഡിവിഷനുകളിൽ പുരോഗതി ഉണ്ട് എന്നാൽ ചില ഡിവിഷനുകളിൽ 2020- 2021 നേക്കാൾ കുറവ് കാണുന്നു. 2400 കോടി രൂപ പലയിനങ്ങളിലായി ജീവനക്കാർക്കും KSEBക്കും കരാറുകാർക്കുമായി കൊടുത്തു തീർക്കാനുണ്ട്. ഇത് സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് ഉയർന്ന കുടിശ്ശികയുള്ള തുകകൾ പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. .(Action- ROs at Alappuzha, Attingal, Kollam, Neyyattinkara, Thrissur, Trivandrum North Divisions)

6. ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് പെൻഡിങ് പാരാകൾക്കുള്ള മറുപടികൾ എല്ലാ ഡിവിഷനുകളും നവംബർ 25ആം തിയതിക്കകം നൽകേണ്ടതാണെന്നു ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു.( Action-Smt. Bindhu, IA)

7.നിയമാനുസൃതമായ എണ്ണം മീറ്റർ റീഡിങ് എടുക്കാത്ത റീഡർമാർക്ക് 2005-ലെ ഉത്തരവിൻപ്രകാരം നടപടിയെടുത്ത് ശമ്പളം പിടിച്ചതായി കാണുന്നില്ല. എല്ലാ ഡിവിഷനുകളിലും അത്തരക്കാരെ കണ്ടുപിടിച്ച് നടപടിയെടുത്തു റിപ്പോർട്ട് ചെയ്യേണ്ടതാണ്.ഇക്കാര്യത്തിൽ നേരത്തെ തന്നെ നിർദ്ദേശം പല പ്രാവശ്യം നൽകിയിട്ടുള്ളതാണെന്ന് മാനേജിങ് ഡയറക്ടർ ഓർമിപ്പിച്ചു.(Action- Sri.Raphel.MA, DyAM, Kochi)

8.അരിയർ ലിസ്റ്റും, മീറ്റർ റീഡേഴ്സ് റീഡിങ് സ്റ്റാറ്റസിനും, ബി പി എൽ ഡാറ്റാ അപ്ഡേഷനും വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യാൻ ഡി.ബി.എ-യിൽ നിന്നും ഡാറ്റ കിട്ടിയില്ല എന്നും അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി. അറിയിച്ചു. പ്രസ്തുത ഡാറ്റ ആർ. എം. സി.-ക്കു ഉടൻ ലഭ്യമാക്കണം എന്ന് ഡി.ബി.എ യോട് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു. (Action- ADBA)

9.മൊബൈൽ നമ്പർ അപ്ഡേഷൻ എല്ലാ ഡിവിഷനുകളും കൃത്യമായി ചെയ്യേണ്ടതാണ്. പ്രേത്യേകിച്ച് സൗത്ത് ഡിവിഷൻറെ അപ്ഡേഷൻ വരാത്തതിന് കാരണം പരിശോധിക്കണം എന്ന് റെവന്യൂ ഓഫീസറോട് ആവശ്യപ്പെട്ടു. ആലപ്പുഴ തൈക്കാട്ടുശ്ശേരി സബ്ഡിവിഷൻ 100 % ഫോൺ നമ്പർ അപ് ഡേറ്റ് ചെയ്തതായി ആലപ്പുഴ റെവെന്യൂ ഓഫീസർ അറിയിച്ചു. ടി വിവരം പരിശോധിച്ചു പ്രസ്തുത സബ് ഡിവിഷന് അപ്പ്രീസിയേഷൻ ലെറ്റർ നൽകാൻ തീരുമാനിച്ചു .( Action- AO(RMC)

10. നെയ്യാറ്റിൻകര, അരുവിക്കര, തിരുവല്ല, മലപ്പുറം, തളിപ്പറമ്പ്, കാസർഗോഡ്, എന്നീ ഡിവിഷനുകൾ ആർ.ആർ നടപടികൾ എടുക്കാത്തതിന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ കാരണം ചോദിക്കുകയും ഉടൻ അതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. സർക്കാർ സ്ഥാപനങ്ങൾക്ക് എതിരെ ആർ ആർ നടപടികൾ സ്വീകരിക്കാമോ എന്ന നെയ്യാറ്റിൻകര റെവെന്യൂ ഓഫീസറുടെ സംശയത്തിന് മറുപടിയായി കുടിശ്ശിക വരുത്തിയിട്ടുള്ള ആർക്കെതിരെയും ആർ ആർ നടപടികൾ സ്വീകരിക്കാമെന്നു മാനേജിങ് ഡയറക്ടർ അറിയിച്ചു. ഉദ്യോഗസ്ഥർക്ക് ഇതിനെക്കുറിച്ച് അറിവില്ലാത്തതാണു കുടിശ്ശിക പിരിക്കാൻ തടസ്സം എന്നും മാനേജിങ് ഡയറക്ടർ പരാമർശിച്ചു. ആർ ആർ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കാതെ ഉദ്യോസ്ഗസ്ഥർക്കെതിരെ കര് ശനനടപടികൾ സ്വീകരിക്കുന്നതാണെന്നും മാനേജിങ് ഡയറക്ടർ അറിയിച്ചു.(Action AO(RMC)

11. ഡിസ്കണക്ഷൻ സ്റ്റാറ്റസ് പല ഡിവിഷനുകളും അപ്ഡേറ്റ് ചെയ്തിട്ടില്ല. ഡാറ്റാ എൻട്രി ചെയ്യാത്ത ഡിവിഷനുകൾക്ക് ഇനിമേൽ ഇത് ആവർത്തിച്ചാൽ നടപടി എടുക്കും എന്ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ താക്കീത് നൽകി. (Action- SS (RMC)

12.നിലവിലെ കണക്കു അനുസരിച്ചു കേടായ മീറ്ററുകളിൽ 50% നവംബർ 30-നു മുൻപും ബാക്കി ഡിസംബർ 31 -നു മുൻപും മാറ്റിസ്ഥാപിക്കണം എന്ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ റവന്യൂ ഓഫീസർമാർക്ക് ടാർഗറ്റ് നൽകി.( Action -All ROs monitored by Circle Level AOs)

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 5

13.ജൽ ജീവൻ മിഷൻ  കണക്ഷൻ റൂട്ടിലാക്കുന്നത് പാലക്കാട്, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ഡിവിഷനുകൾ ത്വരിതപ്പെടുത്തേണ്ടതാണ്.    ( Action- AO PH Circle, Alappuzha, AO PH Circle, Palakkad, AO PH Circle, Kollam and AO PH Circle, Kozhikode)

14.അരുവിക്കര, കോട്ടയം മലപ്പുറം 100% കൂടുതൽ മീറ്റർ റീഡിങ് വന്നു എന്നത് പരിശോധനക്ക് വിധേയമാക്കണം എന്ന്  നിർദ്ദേശിച്ചു. നെയ്യാറ്റിൻകര ഡിവിഷനിൽ കുറവ് രേഖപ്പെടുത്തിയത് ടൈപ്പിംഗ് മിസ്റ്റേക്ക് ആണ് എന്ന് റെവെന്യൂ ഓഫീസർ അറിയിച്ചു.  ഇത്തരം തെറ്റുകൾ വരാതെ നോക്കേണ്ടത് റെവെന്യൂ ഓഫീസർമാരുടെ ചുമതല ആണെന്നും അതിൽ പിഴവ് വരുത്തിയാൽ അവർക്കെതിരെ നടപടി എടുക്കുമെന്നും ഫിനാൻസ് മാനേജർ  & ചീഫ്  അക്കൗണ്ട്സ് ഓഫീസർ ഓർമിപ്പിച്ചു. (All ROs monitored by AOs Circles)

15. ആംനെസ്റ്റി സ്കീം അദാലത്ത് കമ്മിറ്റിയിൽ വലിയ തുക ഒഴിവാക്കാൻ മേൽ ഓഫീസിന്റെ അനുമതി വേണം എന്നുള്ള മലപ്പുറം റെവന്യൂ ഓഫീസറുടെ പരാമർശത്തിന് മറുപടിയായി ഡിവിഷൻ തലത്തിൽ ഉള്ള "ആംനെസ്റ്റി സ്കീം അദാലത്തു കമ്മിറ്റിയ്ക്കു" എത്ര തുക വേണമെങ്കിലും ഒഴിവാക്കുന്നതിനുള്ള അധികാരം ഉണ്ടെന്നും അത് പോലെ തന്നെ അൺ-ഐഡന്റിഫൈഡ് കണക്ഷനുകളിലെ തുകയും (05/02/2020-ലെ റെവന്യൂ അദാലത്തിലെ നിബന്ധനകൾ പ്രകാരം) പ്രസ്തുത കമ്മിറ്റിയ്ക്കു പരിധിയില്ലാത്ത തന്നെ ഒഴിവാക്കുന്നതിനും  നേരത്തെ തന്നെ റെവന്യൂ മീറ്റിംഗുകളിൽ നിർദ്ദേശം നല്കിയിട്ടുള്ളതാണെന്നു ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു. (Further Action by ROs Concerned.)

- ആംനസ്റ്റി സ്കീമിൽ 50%ൽ താഴെ കുടിശ്ശിക തുക ഉൾപ്പെടുത്തിയതിന്  കാസർകോട് ഡിവിഷനു കീഴിലെ ബന്ധപ്പെട്ട ജീവനക്കാരുടെ ഒരുദിവസത്തെ ശമ്പളം പിടിക്കാനുള്ള  തീരുമാനം നടപടി ക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷം നടപ്പിലാക്കണമെന്നു മാനേജിങ് ഡയറക്ടർ അറിയിച്ചു.
- ആംനെസ്റ്റി സ്കീമിൽ പരാതി പരിഹരിക്കുന്നതിൽ പുറകിൽ നിൽക്കുന്ന ഡിവിഷനുകളിൽ അതിവേഗം പരാതി പരിഹരിക്കുന്നതിനുള്ള  നടപടി സ്വീകരിക്കണം എന്ന് ഫിനാൻസ് മാനേജർ  & ചീഫ്  അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു.(Action- AO(RMC)

16. കോമ്പ്രിഹെൻസീവ് ഇന് ഡക്സിൽ  കുടിശ്ശിക കാണിക്കുമ്പോൾ ഉപഭോക്താക്കളുടെ എണ്ണം കൂടെ കാണിക്കണം എന്ന് ശ്രീ കൃഷ്ണകുമാർ, റെവെന്യൂ ഓഫീസർ, ആലപ്പുഴ  അഭ്യർത്ഥിച്ചു. ഓരോ ഡിവിഷനുകളിലെയും കോമ്പ്രിഹെൻസീവ് ഇൻഡക്സ് വിവരിക്കുകയും ഡിവിഷൻ പ്രൊഫൈൽ ഉപയോഗിച്ചുള്ള ഓവറാൾ പ്രകടനത്തിന്റെ അവലോകനവും നടത്തി. ആർ. എം. സി.തയ്യാറാക്കിയ ഡിവിഷൻ പ്രൊഫൈൽ വളരെ നന്നായിട്ടുണ്ടെന്നും, പ്രസ്തുത "ഡിവിഷൻ പ്രൊഫൈൽ" വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യണമെന്നും  മാനേജിങ് ഡയറക്ടർ  നിർദ്ദേശിച്ചു. ഫൈനാൻസ്  മാനേജറുടെ നിർദേശ പ്രകാരം ഡിവിഷൻ പ്രൊഫൈൽ തയാറാക്കിയ ആർ. എം. സി. സീനിയർ സൂപ്രണ്ടിനും  അതിനു സഹായിച്ച സി.എം.എ ഇന്റേൺസ്  ആയ ശ്രീ.അരവിന്ദിനും,ശ്രീമതി.ഹൈമക്കും മാനേജിങ് ഡയറക്ടർ  അഭിനന്ദനം അറിയിക്കുകയും ഇവർക്കു അപ്രീസിയേഷൻ ലെറ്റർ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.Action- AO(RMC)

മറ്റു പ്രധാന തീരുമാനങ്ങൾ

1. ഒരു കാമ്പസിനുള്ളിൽ ഒരു കളക്ഷൻ സെൻറർ മാത്രമേ പാടുള്ളു, ഒന്നിൽ കൂടുതൽ കളക്ഷൻ സെന്റർ ഉണ്ടെങ്കിൽ അതിൽ ഒരെണ്ണം നിലനിർത്തികൊണ്ട് ബാക്കിയുള്ളവ ക്ലോസ്  ചെയ്യാൻ നടപടി സ്വീകരിക്കണം( Action- AO, RMC)
2. ഇൻസ്റ്റാൾമെൻറ്  നൽകിയാൽ തവണകൾ  ഓൺലൈൻ  പേയ്മെൻ്റ് മുഖേന അടക്കാവുന്ന തരത്തിൽ ഇ അബാക്കസിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഡാറ്റബേസ് അഡ്മിനിസ്ട്രേറ്ററെ

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 6

ചുമതലപ്പെടുത്തി. തുടർ നടപടി ഉറപ്പാക്കുന്നതിന് ജൂനിയർ സൂപ്രണ്ട്, ആർ. എം. സി.-യെയും ചുമതലപ്പെടുത്തി. ( Action-ADBA, Monitored by JS,RMC)

3. പേയ്മെൻറ്റ് തീയതി കുറച്ച കാര്യവും ഡൊമസ്റ്റിക് കൺസ്യൂമേഴ്സിന് പലിശ വർധിപ്പിച്ച കാര്യവും ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിന് എല്ലാ മീറ്റർ റീഡർമാർക്കും നിർദ്ദേശം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച അപ്ഡേഷൻ ഇ- അബാക്കസിൽ വരുത്തുന്നതിന് ഡാറ്റബേസ് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തി( Action- ADBA)
4. അക്ഷയ കേന്ദ്രങ്ങൾ വഴി കൺസ്യൂമർ സർവീസ് ചെയ്യുമ്പോൾ ഉപഭോക്താക്കൾ പലപ്രാവശ്യം അക്ഷയയിൽ പോകേണ്ടിവരുന്നത് നമ്മുടെ സിസ്റ്റത്തിൻറ്റെ പരാജയമാണ് എന്ന് റെവെന്യൂ ഓഫീസർമാർ അഭിപ്രായപ്പെട്ടു. ഒറ്റത്തവണ തീർപ്പാക്കുമ്പോൾ തന്നെ എല്ലാ പേയ്മെൻറ്സും നടത്താനുള്ള ഓപ്ഷൻ നൽകേണ്ടതാണെന്നു റെവെന്യൂ ഓഫീസർമാർ അഭിപ്രായപ്പെട്ടു.( Action-ADBA)
5. എല്ലാ ഡിവിഷനുകളും കൃത്യമായി ഗൂഗിൾ ഷീറ്റ് അപ്ഡേറ്റ് ചെയ്യണം എന്ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദ്ദേശിച്ചു. ഇതിൽ വീഴ് ച്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കുമെന്ന് അദ്ദേഹം താക്കീതു നൽകി.( Action - SS,RMC)
6. ഇരിങ്ങാലക്കുട ഡിവിഷനിൽ ഒരു കോടിക്ക് (1.84 കോടി) മുകളിൽ കുടിശ്ശികയുള്ള അളഗപ്പ ടെക്സ്റ്റൈൽസിന്റെ പേരിലുള്ള കണക്ഷനിലെ കുടിശ്ശികയിൽ ഭൂരിഭാഗവും കൂട്ടുപലിശ ആണെന്നും സാധാരണ പലിശയിൽ കണക്കാക്കി കുടിശ്ശിക പുനർനിർണ്ണയിച്ചാൽ വലിയ കുറവുണ്ടാകുമെന്നും മധ്യ മേഖല ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ അഭിപ്രായപ്പെട്ടു. ആംനസ്റ്റി പദ്ധതി സംബന്ധിച്ച ഗവ.ഉത്തരവിൽ 3 വർഷത്തിൽ കൂടുതൽ റീഡിങ് എടുക്കാത്ത കണക്ഷനുകളിലെ വാട്ടർ ചാർജ് മാത്രം ഈടാക്കി പരാതി പരിഹരിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയതിനാൽ ടി കണക്ഷനിലെ വാട്ടർ ചാർജ് മാത്രം ഇ-അബാക്കസിൽ നിലനിർത്തി ബാക്കി തുക ഒഴിവാക്കി നൽകുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തി,ഇക്കാര്യത്തിന്റെ പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനായി മധ്യ മേഖല ഡെപ്യൂട്ടിഅക്കൗണ്ട്സ് മാനേജർക്കു നിർദ്ദേശം നൽകി. ( Action- RO,Irinjalakuda, Monitored by Sri.Raphel. DyAM)
7. ഓരോ മാസവും ഗൂഗിൾ ഷീറ്റ് അപ്ഡേറ്റ് ചെയ്തുകഴിയിഞ്ഞാൽ ലോക്ക് ചെയ്യണം എന്ന് മാനേജിങ് ഡയറക്ടർ, ആർ എം സി സീനിയർ സൂപ്രണ്ടിനു നിർദ്ദേശം നൽകി. ഓരോ മാസവും ആദ്യത്തെ അഞ്ചു വർക്കിംഗ് ദിവസങ്ങൾ ഇത്തരത്തിൽ അപ്ഡേറ്റ് ചെയ്യുവാൻ നൽകുകയും ആയതു കഴിഞ്ഞാൽ ലോക്ക് ചെയ്യുകയും വേണം.( SS,RMC)

തുടർന്ന് അക്കൗണ്ട്സ് ഓഫീസർ ആർ.എം.സി എല്ലാവർക്കും നന്ദി അറിയിച്ചുകൊണ്ട് യോഗം 7.15 ന് അവസാനിപ്പിച്ചു.

Draft #45 of File KWA/HO/RMC/R1/670/2021 Approved by Managing Director on 24-Nov-2022 11:59 AM - Page 7

The document is digitally approved. Hence signature is not needed.